ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 20-05-2026

## പ്രധാനവാർത്തകൾ

1. പ്രധാന മന്ത്രി നരേന്ദ്ര മോദി,ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയുമായി റോമിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ- ഇറ്റലി ബന്ധത്തെ, പ്രത്യേക തന്ത്രപ്രധാന പങ്കാളിത്തമായി ഉയർത്തുമെന്ന് പ്രധാനമന്ത്രി.
2. യുഡിഎഫ് സർക്കാരിലെ മന്ത്രിമാരുടെ വകുപ്പുകൾ സംബന്ധിച്ച് ഔദ്യോഗിക വിജ്ഞാപനമായി. മുഖ്യമന്ത്രി വി.ഡി സതീശൻ ധനകാര്യം, പൊതുഭരണം, തുറമുഖം തുടങ്ങിയ വകുപ്പുകൾ കൈകാര്യം ചെയ്യും. ആഭ്യന്തരവകുപ്പ് രമേശ് ചെന്നിത്തലയ്ക്ക്.
3. വ്യവസായം, ഐറ്റി എന്നീ വകുപ്പുകളുടെ ചുമതല പി.കെ കുഞ്ഞാലിക്കുട്ടിക്ക്. ആരോഗ്യവും ദേവസ്വവും കെ മുരളീധരന്. എ.പി അനിൽകുമാർ റവന്യൂ മന്ത്രി. വൈദ്യുതി വകുപ്പിൻറെ ചുമതല സണ്ണി ജോസഫ് വഹിക്കും.
4. നിയുക്ത എംഎൽഎമാരുടെ സത്യപ്രതിജ്ഞ നാളെ നടക്കും. സ്പീക്കർ തിരഞ്ഞെടുപ്പ് മറ്റന്നാൾ.
5. സിൽവർ ലൈൻ പദ്ധതി റദ്ദാക്കാൻ സംസ്ഥാന മന്ത്രിസഭ യോഗത്തിൽ തീരുമാനം.
6. പാൽ വില ലിറ്ററിന് 4 രൂപ വർദ്ധിപ്പിച്ച് മിൽമ. ജൂൺ ഒന്നു മുതൽ വില വർധന നിലവിൽ വരും.
7. സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

RNU TVPM

## പ്രധാനമന്ത്രി ഇറ്റലി

വിദേശ പര്യടനം തുടരുന്ന പ്രധാന മന്ത്രി നരേന്ദ്ര മോദി ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയുമായി റോമിൽ ഇന്ന് പ്രതിനിധി തല ചർച്ചകൾ നടത്തി. ഇന്ത്യ- ഇറ്റലി ബന്ധം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും, വ്യാപാരം, നിക്ഷേപം, സാങ്കേതികവിദ്യ, പ്രതിരോധം തുടങ്ങിയ മേഖലകളിലെ പങ്കാളിത്തം വിപുലീകരിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളും ഇരുവരും ചർച്ച ചെയ്തു. ഇന്ത്യ ഇറ്റലി ബന്ധത്തെ പ്രത്യേക തന്ത്രപ്രധാന പങ്കാളിത്തമായി ഉയർത്താൻ തീരുമാനിച്ചതായി കൂടിക്കാഴ്ചയ്ക്ക് ശേഷമുള്ള വാർത്താ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അറിയിച്ചു. ഷിപ്പിങ്ങ്, തുറമുഖ വികസനം, ലോജിസ്റ്റിക്സ്, സമുദ്ര സമ്പദ് വ്യവസ്ഥ എന്നീ മേഖലകളിൽ യോജിച്ചു പ്രവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു. പശ്ചിമേഷ്യൻ, യുക്രൈൻ സംഘർഷങ്ങളെക്കുറിച്ചും ഇരുവരും ചർച്ച ചെയ്തു. അഭിപ്രായ വ്യത്യാസങ്ങൾ സംഭാഷണത്തിലൂടെ പരിഹരിക്കുക എന്ന നിലപാടാണ് ഇന്ത്യയ്ക്കുള്ളതെന്ന് ശ്രീ മോദി പറഞ്ഞു.

RNU TVPM

## വകുപ്പ് വിഭജനം (ഇൻട്രോ)

വി.ഡി സതീശൻ സർക്കാരിലെ മന്ത്രിമാരുടെ വകുപ്പുകൾ സംബന്ധിച്ച് ഔദ്യോഗിക വിജ്ഞാപനമായി.

മുഖ്യമന്ത്രി വി.ഡി. സതീശൻ, ധനകാര്യം, പൊതുഭരണം എന്നിവയ്ക്ക് പുറമെ തുറമുഖം, നിയമം, സയൻസ് ആൻഡ് ടെക്നോളജി, ലോട്ടറി, ദുരന്ത നിവാരണം തുടങ്ങി വിവിധ വകുപ്പുകൾ കൈകാര്യം ചെയ്യും. മന്ത്രിസഭ ചുമതലയേറ്റ് മൂന്നാം നാളാണ് വകുപ്പ് വിഭജനം പൂർത്തിയായത്

**വിശദാംശങ്ങളിലേക്ക്......**

(വോയിസ്)

മന്ത്രി രമേശ് ചെന്നിത്തലയ്ക്കാണ് ആഭ്യന്തരം, വിജിലൻസ്, ജയിൽ കയർ തുടങ്ങിയ വകുപ്പുകളുടെ ചുമതല.

മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി വ്യവസായം, ഐടി ഉൾപ്പെടെയുള്ള വകുപ്പുകളുടെ ചുമതല വഹിക്കും.സണ്ണി ജോസഫ്- വൈദ്യുതി, പാർലമെന്ററികാര്യം, പരിസ്ഥിതി ന്നിവയും; കെ.മുരളീധരൻ ആരോഗ്യം,ദേവസ്വം എന്നിവയും കൈകാര്യം ചെയ്യും. എ.പി. അനിൽകുമാറിന് - റവന്യൂ വകുപ്പും, പി.സി. വിഷ്ണുനാഥിന് ടൂറിസം, സാംസ്കാരികം എന്നീ വകുപ്പുകളും എം. ലിജു- എക്സൈസ്, സഹകരണ വകുപ്പുകളും റോജി എം. ജോണിന് - ഉന്നതവിദ്യാഭ്യാസ വകുപ്പുമാണ് നൽകിയിരിക്കുന്നത്. കൃഷി വകുപ്പ് ടി. സിദ്ദിഖിനും, പട്ടികജാതി, പട്ടികവർഗ്ഗ വികസനംകെ.എ. തുളസിയ്ക്കും, തൊഴിൽ, വനിതാ-ശിശുക്ഷേമം, മൃഗസംരക്ഷണം എന്നിവ ബിന്ദു കൃഷ്ണയ്ക്കും, യുവജനക്ഷേമം, കായികം, രജിസ്ട്രേഷൻ തുടങ്ങിയവകുപ്പുകൾ ഒ.ജെ. ജനീഷിനുമാണ്. എൻ. ഷംസുദ്ദീൻ - വിദ്യാഭ്യാസം, ന്യൂനപക്ഷ ക്ഷേമം, വഖഫ്, ഹജ്ജ് എന്നിവയും, കെ.എം. ഷാജി- തദ്ദേശ സ്വയംഭരണ വകുപ്പും, പി.കെ. ബഷീർ-പൊതുമരാമത്ത് വകുപ്പും, വി.ഇ. അബ്ദുൽ ഗഫൂർ- ഫിഷറീസ്, സാമൂഹിക നീതി വകുപ്പുകളും കൈകാര്യം ചെയ്യും. മോൻസ് ജോസഫിന് ജലവിഭവ വകുപ്പിൻറെയും, ഷിബു ബേബി ജോണിന്- വനം വകുപ്പിൻറെയും, അനൂപ് ജേക്കബിന്- ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിൻറെയും, സി.പി. ജോണിന് ഗതാഗത വകുപ്പിൻറെയും ചുമതലയാണുള്ളത്.

RNUTVPM

## ജി.സുധാകരൻ സത്യപ്രതിജ്ഞ

16-ാം കേരള നിയമസഭയിലെ നിയുക്ത എംഎൽഎമാരുടെ സത്യപ്രതിജ്ഞ നാളെ നടക്കും. പ്രോ ടെം സ്പീക്കർ ജി സുധാകരൻ സത്യപ്രതിജ്ഞ ചടങ്ങുകൾക്ക് നേതൃത്വം നൽകും. ലോക് ഭവനിൽ ഗവർണർ മുൻപാകെ, ഇന്ന് രാവിലെ നടന്ന

ചടങ്ങിലാണ്  ജി.സുധാകരൻ പ്രോ ടെം സ്പീക്കറായി സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റത്. മുഖ്യമന്ത്രി വി ഡി സതീശൻ, മന്ത്രിമാർ,

ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. മറ്റന്നാളാണ് സ്പീക്കർ തിരഞ്ഞെടുപ്പ്. സ്പീക്കറായി തിരുവഞ്ചൂർ രാധാകൃഷ്ണനെയും, ഡെപ്യൂട്ടി സ്പീക്കറായി ഷാനിമോൾ ഉസ്മാനെയുമാണ് യുഡിഎഫ് പരിഗണിക്കുന്നത്. ഈ മാസം 29 -നാണ് നിയമസഭയിൽ ഗവർണറുടെ നയപ്രഖ്യാപനം. ജൂൺ 1 മുതൽ 3 വരെയുള്ള ദിവസങ്ങളിൽ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ചകൾ നടക്കും

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## <u>സിൽവർ ലൈൻ- (ഇൻട്രോ)</u>

സിൽവർ ലൈൻ പദ്ധതി റദ്ദാക്കിയതായി മുഖ്യമന്ത്രി വി ഡി സതീശൻ. ഇന്ന് ചേർന്ന മന്ത്രിസഭാ യോഗത്തിന് ശേഷം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്.....**

(വോയിസ്)

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## <u>എൻ. ഷംസുദീൻ</u>

സംസ്ഥാനത്ത് സ്കൂളുകൾ ജൂൺ 1-ന് തുറക്കുന്നതിൻറെ പശ്ചാത്തലത്തിൽ, മുന്നൊരുക്കങ്ങൾ വിലയിരുത്തി വിദ്യാഭ്യാസ വകുപ്പ്. കുട്ടികളെ സ്വീകരിക്കാൻ വിപുലമായ പ്രവേശനോത്സവം സംഘടിപ്പി ക്കുമെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി എൻ. ഷംസുദീൻ പറഞ്ഞു. പുതിയ അധ്യയനവർഷത്തെ  മികച്ച രീതിയിൽ സ്വാഗതം ചെയ്യുന്നതിനായി മന്ത്രി അടിയന്തര യോഗം വിളിച്ച് ചേർത്ത് നിർദേശങ്ങൾ നൽകി. സ്കൂളും പരിസരവും പൂർണ്ണമായും ശുചീകരിക്കുന്നതിനും കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കും. ഒന്നാം ഘട്ട പാഠപുസ്തകങ്ങളുടെ വിതരണം 80 ശതമാനത്തിലധികം പൂർത്തിയായിട്ടു

ണ്ടെന്നും അദ്ദേഹം പറഞ്ഞു. ശേഷിക്കുന്ന പുസ്തകങ്ങൾ മെയ് 31-നകം കുട്ടികളിലേക്ക് എത്തിക്കാനും മന്ത്രി നിർദ്ദേശം നൽകി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## മിൽമ വില വർധന

സംസ്ഥാനത്ത് മിൽമ പാൽ ലിറ്ററിന് 4 രൂപ വർദ്ധിപ്പിച്ചു. ജൂൺ ഒന്നു മുതൽ വില വർധന നിലവിൽ വരും. മിൽമ ഡയറക്ടർ ബോർഡാണ് തീരുമാനം കൈക്കൊണ്ടത്. 4 രൂപ വില വർധിക്കുമ്പോൾ കർഷകന് 3 രൂപ 35 പൈസയും, പാൽ സൊസൈറ്റിക്ക് 25 പൈസയും ലഭിക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## കുടിയൊഴിപ്പിക്കൽ പ്രതിഷേധം

RNU TVPM

എറണാകുളം കിഴക്കമ്പലത്തിനടുത്ത് മലയിടംതുരുത്ത് പാരിയത്ത് കാവ് ഉന്നതിയിൽ കുടിയൊഴിപ്പിക്കലിനിടെ പ്രതിഷേധം. ഇന്ന് രാവിലെയാണ് സുപ്രീംകോടതി ഉത്തരവിൻറെ അടിസ്ഥാനത്തിൽ ഹൈകോടതി നിയോഗിച്ച അഭിഭാഷക കമ്മീഷൻ കുടുംബാഗങ്ങളെ ഒഴിപ്പിക്കാനെത്തി യത്. നാട്ടുകാരും അധികൃതരും തമ്മിൽ വാക്കേറ്റവും തർക്കവുമുണ്ടാവുകയും പോലിസ് പ്രതിഷേധക്കാരെ കസ്റ്റഡിയിലെടുക്കുകയും ചെയ്തു. നാട്ടുകാരുടെ എതിർപ്പ് ശക്തമായതിനെ തുടർന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല നടപടികൾ നിർത്തിവെക്കാൻ പൊലീസിന് നിർദേശം നൽകി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## പി കെ കുഞ്ഞാലിക്കുട്ടി

പരമ്പരാഗത മേഖലക്കടക്കം നിർണായക സംഭാവനകൾ നൽകാൻ കഴിയുന്ന ടെക്സ്റ്റൈൽ വ്യവസായത്തിന് സർക്കാർ മുന്തിയ പരിഗണന നൽകുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി. തിരുവനന്തപുരത്ത് ടെക്സ്റ്റൈൽ മേഖലയുമായി ബന്ധപ്പെട്ട പ്രതിനിധികളുടെ യോഗത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിലെ വസ്ത്ര വ്യവസായ മേഖലയെ ആഗോള വിപണിയിൽ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും 2030ഓടെ 100 ബില്യൺ യു.എസ്.

ഡോളർ കയറ്റുമതി ലക്ഷ്യം കൈവരിക്കുന്നതിനുമായി കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയവും സംസ്ഥാന വ്യവസായ, വാണിജ്യ വകുപ്പും സംയുക്തമായാണ് യോഗം സംഘടിപ്പിച്ചത്.

## സ്കൂൾ ബസ് സുരക്ഷാ പരിശോധന

പുതിയ അധ്യയനവർഷം ആരംഭിക്കുന്നതിന് മുന്നോടിയായി സ്കൂൾ ബസുകളുടെ സുരക്ഷാ പരിശോധനയ്ക്ക് തുടക്കമായി. എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ പരിധിയിലുള്ള വാഹനങ്ങൾക്കായി കളമശ്ശേരി സി.എഫ്. ടെസ്റ്റ് ഗ്രൗണ്ടിൽ നടന്ന ആദ്യദിന പരിശോധനയിൽ 60 സ്കൂൾ ബസുകൾ പങ്കെടുത്തു. സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച 16 ബസുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി ആർ.ടി.ഒ.യുടെ പ്രത്യേക സുരക്ഷാ സ്റ്റിക്കറുകൾ പതിപ്പിച്ചു.

RNU TVPM

## കാലാവസ്ഥ- കേരളം

കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരും. എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത നൽകി. ഏഴ് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രതയാണ്. കേരളം ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധത്തിന് വിലക്കേർപ്പെടുത്തി. കർണാടക തീരത്തും ഇന്ന് മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നാണ് മുന്നറിയിപ്പ്. കാലവർഷം ഈ മാസം 26 ഓടെ കേരളത്തിൽ എത്തിയേക്കും. മുന്നൊരുക്കങ്ങളുടെ ഭാഗമായി ദേശീയ ദുരന്ത നിവാരണ സേനയുടെ എട്ട് സംഘങ്ങളെ സംസ്ഥാനത്ത് വിന്യസിച്ചിട്ടുണ്ട്.

## മലങ്കര ഡാം

കാലവർഷ മുന്നൊരുക്കങ്ങളുടെ ഭാഗമായി, മലങ്കര ഡാമിൽ അടിയന്തിര അറ്റകുറ്റപ്പണികൾ നടത്തുന്നതിനാൽ ഡാമിന്റെ ഷട്ടറുകൾ ഘട്ടം ഘട്ടമായി തുറക്കുമെന്ന് എറണാകുളം ജില്ലാ ദുരന്തനിവാരണ

അതോറിറ്റി. കനാൽ വഴിയുള്ള ജലവിതരണം ഇന്ന് മുതൽ നിർത്തിവെക്കും. പുഴക്കരകളിൽ താമസിക്കുന്നവരും പൊതുജനങ്ങളും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് - മുംബൈ ഇന്ത്യൻസിനെ നേരിടും. രാത്രി 07:30 ന് കൊൽക്കത്തയിലാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഓഹരി- സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികൾ ഇന്ന് നേട്ടത്തോടെ വ്യാപാരം അവസാനിപ്പിച്ചു . സെൻസെക്സ് 117 പോയിൻറ് ഉയർന്ന് 75,318 ലും, നിഫ്റ്റി 41 പോയിന്റ് നേട്ടത്തിൽ 23,659 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത് .സ്വർണ്ണ വില ഉയർന്നു . പവന് 960 രൂപ വർധിച്ച് ഒരു ലക്ഷത്തി 16,120 രൂപയും ഗ്രാമിന് 14,515 രൂപയുമാണ് ഇന്നത്തെ വില.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' ഈ മാസം 31-ന്. പരിപാടിയുടെ 134-ാം പതിപ്പ് ആണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ, നമോ ആപ്പിലൂടെയോ, My gov ഓപ്പൺ ഫോറത്തിലൂടെയോ സമർപ്പിക്കാം. നിർദേശങ്ങൾ ഈ മാസം 29 വരെ സ്വീകരിക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁
❁❁❁❁❁❁❁❁❁❁❁❁
❁❁❁❁❁